കേന്ദ്രീയ വിദ്യാലയം പത്തനംതിട്ട
केंद्रीय विद्यालय पत्तनंतिट्टा
**KENDRIYA VIDYALAYA PATHANAMTHITTA**
(ചെന്നീർക്കര), ഓമല്ലൂർ പി.ഒ, കേരളം-689647
(चेन्नीर्क्करा), ओमल्लूर पोस्ट, केरल -689647
**(Chenneerkara) Omalloor P.O, Kerala-**689647
☏ 0468-2256000
e-mail: kvchenneerkara@yahoo.in http://kvchenneerkara.nic.in

തീയ്യതി: 28.12.2018

# ലേലം നോട്ടീസ്

പൊതുജനങ്ങളുടെ/തല്പര കക്ഷികളുടെ ശ്രദ്ധയ്ക്ക്:

ചെന്നീർക്കര കേന്ദ്രീയ വിദ്യാലയയുടെ പത്തനംതിട്ട ജില്ലയിലുള്ള മുറിപ്പാറ വില്ലേജിലെ വസ്തുവിലുള്ള ഇരുപത്തിയേഴ് മരങ്ങൾ വിൽക്കുന്നതിനായി 21.01.2019 ഉച്ചക്ക് 02.30 മണിക്ക് ലേലം നടത്താൻ തീരുമാനിച്ചിരിക്കുന്നു.

ലേലം താഴെ പറയുന്ന ഉപാധികൾക്കും നിബന്ധനകൾക്കും വിധേയമായിരിക്കും.

1 .മേൽ പറഞ്ഞ ഇരുപത്തിയേഴ് മരങ്ങളുടെ നിക്ഷിപ്ത വില 5,76,150 /- രൂപ (അഞ്ചു ലക്ഷത്തി എഴുപത്തി ആറായിരത്തി ഒരുനൂറ്റി അൻപത് ) ആയിരിക്കുന്നതാണ്.

2. ലേലം പിടിക്കുന്ന ആൾ സ്വന്തം ചിലവിൽ സുരക്ഷിതമായി മരം മുറിച്ചു മാറ്റേണ്ടതാണ്. വിദ്യാലയത്തിൻെറ വസ്തു വകകൾക്കു യാതൊരു വിധ കേടുപാടുകളും സംഭവിക്കാതെ മരം മുറിച്ചു മാറ്റേണ്ടതാണ്. അല്ലാത്ത പക്ഷം വിദ്യാലയത്തിനോ അയൽവാസികൾക്കോ സംഭവിക്കുന്ന നാശനഷ്ടങ്ങൾക്കനുസരിച്ചുള്ള നഷ്ട പരിഹാരം ലേലം പിടിക്കുന്ന ആളിൽ നിന്നും ഈടാക്കുന്നതാണ്.

3. ലേലം പിടിക്കുന്ന ആൾ ലേലത്തുകയുടെ 25 % ഉടൻ തന്നെ പണമായോ അക്കൗണ്ട് ട്രാൻസ്ഫർ (NEFT /RTGS ) മുഖാന്തരമോ വിദ്യാലയയുടെ പേരിലുള്ള VVN അക്കൗണ്ടിൽ നിക്ഷേപിക്കേണ്ടതാണ്.

4 .ലേലത്തുകയുടെ ബാക്കിയുള്ള 75 % പ്രിൻസിപ്പൽ , കേന്ദ്രീയ വിദ്യാലയം , ചെന്നീർക്കര എന്ന പേരിലുള്ള ഡിമാൻഡ് ഡ്രാഫ്റ്റ് ആയോ NEFT /RTGS വഴിയുള്ള അക്കൗണ്ട് ട്രാൻസ്ഫർ ആയോ വിദ്യാലയയുടെ പേരിലുള്ള VVN അക്കൗണ്ടിൽ നിക്ഷേപിച്ചതിനു ശേഷം മാത്രമേ മരം മുറിക്കുന്നതിനുള്ള അനുമതി നൽകുകയുള്ളൂ.

5. ലേലം പിടിച്ചു രണ്ടാഴ്ചക്കുള്ളിൽ തന്നെ മരം മുറിച്ചു മാറ്റേണ്ടതാണ്.

6.ലേലത്തിൽ പങ്കെടുക്കാൻ താല്പര്യം ഉള്ളവർ മേൽ പറഞ്ഞ വസ്തുവിൽ വന്നു മരങ്ങൾ കാണാവുന്നതാണ്. ഈ മരങ്ങൾ തിരിച്ചറിയുന്നതിനായി 1 , 2 , 3 ....27 എന്ന് യഥാക്രമം മരങ്ങളിൽ അടയാളപ്പെടുത്തിയിട്ടുണ്ട്.

7. ലേലത്തിൽ പങ്കെടുക്കുന്നവർ അവരുടെ താമസ സ്ഥലത്തിന്റെയോ പനത്തിന്റെയോ തിരിച്ചറിയൽ രേഖകൾ സമർപ്പിക്കേണ്ടതാണ്.

8. മേൽ പറഞ്ഞ നിബന്ധനകളിലും നടപടികളിലും ഏതു സമയത്തും മാറ്റം വരുത്തുവാനും നിർത്തി വെയ്ക്കുവാനും ഉള്ള അധികാരം വില്പനക്കാരനിൽ നിക്ഷിപ്തമാണ്.

പ്രിൻസിപ്പൽ